## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 2698 — 27/01/2014-ൽ മറുപടിയ്ക്ക്

### പാലക്കാട് ജില്ലയിലെ വരൾച്ച നേരിടാനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ. എം. ഹംസ

**മറുപടി**

**ശ്രീ.പി .ജെ.ജോസഫ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) മുഖ്യമന്ത്രി 2013 മാർച്ച് മാസം വരൾച്ച അവലോകനം ചെയ്യുന്നതിനായി പാലക്കാട് വിളിച്ചു ചേർത്ത എം.എൽ.എ. മാരുടെയും ജന പ്രതിനിധികളുടെയും യോഗത്തിൽ എന്തെല്ലാം തീരുമാന ങ്ങൾ കൈക്കൊ ണ്ടിരുന്നു;<br><br>(ബി) മുഖ്യമന്ത്രി എന്തെല്ലാം സ്പെഷ്യൽ പാക്കേ ജുകളാണ് പ്രഖ്യാപിച്ചത്; വിശ ദാംശം ലഭ്യമാ ക്കാമോ; | (എ) & (ബി) 2013 ഏപ്രിൽ 19-നാണ് ബഹു. മുഖ്യമന്ത്രി, പാലക്കാട് ജില്ലയിൽ വരൾച്ച അവലോകനയോഗം വിളിച്ചുചേർത്തത്. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.<br>• കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതിന് മുൻഗണന നൽകുക<br>• ഓരോ പഞ്ചായത്തിലും തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ 10 ലക്ഷം രൂപ വരെയും ഫണ്ട് ഉപയോഗിക്കുമെന്നും പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിനുള്ള കാലാവധി 31.05.2013 വരെ നീട്ടിയിട്ടുണ്ട്.<br>• കുടിവെള്ള വിതരണത്തിനായി ഉപയോഗിക്കുന്ന വണ്ടികളും ടാങ്കറുകളും സംബന്ധിച്ച് പ്രാദേശിക അടിസ്ഥാനത്തിൽ വാടക നിരക്ക് ജില്ലാകളക്ടറും പഞ്ചായത്തും ചേർന്ന് നിശ്ചയിക്കാവുന്നതാണെന്നും ഈ തീരുമാനങ്ങൾ താലൂക്കടിസ്ഥാനത്തിലോ നിയോജകമണ്ഡലാടിസ്ഥാനത്തിലോ ആവാമെന്നും അറിയിച്ചു. |

- കുടിവെള്ളത്തിന്റെ ലഭ്യമായ സ്രോതസ്സ് അറിയുന്നതിന് വാട്ടർ അതോറിറ്റിയെ ഉപയോഗപ്പെടുത്താമെന്നും സ്വകാര്യ സ്രോതസ്സിൽ നിന്നുമാണ് ലഭ്യമാകുന്നതെങ്കിൽ വെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച സാക്ഷ്യ പത്രം വാട്ടർ അതോറിറ്റിയിൽ നിന്നും നിർബന്ധമായും ലഭ്യമാക്കേണ്ടതുമാണ്.
- ലോഡ്ഷെഡ്ഡിംഗ് മൂലമുള്ള നഷ്ടം നികത്തുന്നതിനായി ഒരു പഞ്ചായത്തിൽ ഒരേ സമയത്ത് ലോഡ്ഷെഡ്ഡിംഗ് നടത്തുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതായി അറിയിച്ചു. കൂടാതെ വാട്ടർ അതോറിറ്റി പുതിയ കണക്ഷന് അപേക്ഷിച്ചാൽ പഴയ കുടിശ്ശിക കണക്കാക്കാതെ തന്നെ കണക്ഷൻ നല്കുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതായും അറിയിച്ചു. ആവശ്യമായ തുക ലഭ്യമാക്കുമെന്നും അറിയിച്ചു.
- ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് നിലവിൽ ജില്ലാ കളക്ടർമാർക്ക് 5 ലക്ഷം രൂപയും എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് 8 ലക്ഷം രൂപയും എന്ന പരിധി ജില്ലാ കളക്ടർമാർക്ക് 20 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ടെണ്ടർ വിളിച്ച് നടപടി പൂർത്തീകരിക്കുന്നതിൽ താമസം നേരിടുന്നതിനാൽ 31.05.2013 വരെ ഷോർട്ട് ടെണ്ടർ വിളിച്ച് 3 ദിവസത്തിനകം തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു. നിലവിലെ വാട്ടർ അതോറിറ്റി കണക്ഷനുകളിൽ നിന്ന് എത്ര കൂടുതൽ നല്കാൻ സാധിച്ചാലും ആയതിന് ഫണ്ട് ലഭ്യമാക്കുന്നതാണ്. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചു.

- ഈ വരൾച്ച ഒരു മുന്നറിയിപ്പായിതിനാൽ വാട്ടർ അതോറിറ്റിയുടെ നിലവിൽ നിർമ്മാണത്തിലുള്ള പ്രോജക്ടുകൾ ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്ന തരത്തിൽ റിപ്പോർട്ട് തയ്യാറാക്കണമെന്നും, ജല വകുപ്പുമന്ത്രി ആയത് നിരീക്ഷിക്കുന്നതുമായിരിക്കുമെന്നും അറിയിച്ചു.
- വകുപ്പ് മന്ത്രി, ജില്ലാ കളക്ടർ, മുനിസിപ്പൽ ചെയർമാൻമാർ, ജന പ്രതിനിധികൾ, എന്നിവർ ചേരുന്ന യോഗം വിളിക്കണമെന്നും, തടയണ, കുളം, ജലസംഭരണി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കണമെന്നും മഴവെള്ളം പരമാവധി സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. കുടിവെള്ളം ടാങ്കറിൽ നൽകുന്നതിന് അടിയന്തിര പ്രാധാന്യം നല്കണമെന്നും നിർദ്ദേശിച്ചു.
- നിയോജക മണ്ഡലാടിസ്ഥാത്തിൽ മീറ്റിംഗ് വിളിക്കേണ്ടതാണെന്നും, ടി മീറ്റിംഗിൽ എം.എൽ.എ.മാരും, ജല അതോറിറ്റി ഉദ്യോഗസ്ഥരും, ചാർജ്ജ് ഓഫീസർമാരും, തഹസിൽദാർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്നും, ആവശ്യമുള്ള പക്ഷം അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾക്ക് 50,000/- രൂപ അഡ്വാൻസ് അനുവദിക്കാമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.
- അട്ടപ്പാടിയിലെ കുടിവെള്ള പ്രശ്നത്തിൽ എം.പി., എ.എൽഎ., വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് തീരുമാനമെടുക്കണമെന്നും യോഗത്തിൽ നിർദ്ദേശിച്ചു.

- മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറോട് (മിനിമം 200) നന്നാക്കാനുള്ള കുളങ്ങളുടെ ലിസ്റ്റും എസ്റ്റിമേറ്റും എം. എൽ.എ.മാരുടെ അനുവാദത്തോടുകൂടി ആവശ്യമായ മാറ്റങ്ങൾ സഹിതം ഉടൻ സമർപ്പിക്കേണ്ടതാണെന്നും സമയ ബന്ധിതമായി പൂർത്തീകരിക്കണമെന്നും നിർദ്ദേശിച്ചു.
- എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് പ്രാധാന്യം നല്കണമെന്ന് യോഗത്തിൽ നിർദ്ദേശിച്ചു. നിലവിലെ പദ്ധതികളിൽ റിപ്പയർ ജോലികൾ ചെയ്താൽ എത്ര പേർക്ക് അധികമായി പ്രയോജനം ലഭിക്കു മെന്നും ഇത്തരത്തിൽ എത്ര പദ്ധതികൾ ഉണ്ട് എന്നുള്ളതിന്റെ റിപ്പോർട്ടും അടിയന്തിരമായി ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.
- എം.പി.ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് ചെയ്യുന്ന ജോലികൾ ഷോർട്ട് ടെണ്ടർ ചെയ്യാവുന്നതാണെന്നും നിർദ്ദേശിച്ചു. ജലവകുപ്പുമന്ത്രി മണ്ഡലാടിസ്ഥാനത്തിൽ ഉള്ള ജോലിയുടെ പുരോഗതി വിലയിരുത്തുന്ന താണെന്നും യോഗത്തിൽ നിർദ്ദേശിച്ചു.
- കേരളജല അതോറിറ്റിയെ സംബന്ധിച്ച് അടിയന്തിര സാഹചര്യം നിലനിൽക്കുന്ന പ്രവൃത്തികൾ മൂന്ന് ദിവസത്തെ ദർഘാസ് തീയതി കൊടുത്ത് നടപ്പിലാക്കാൻ നിർദ്ദേശിച്ചു.
- പൈപ്പ്ലൈൻ നീട്ടി ശുദ്ധജലവിതരണം ലഭ്യമാക്കാൻ സാധിക്കുന്ന സ്ഥലങ്ങളിൽ അടിയന്തിരമായി എസ്റ്റിമേറ്റ് സമർപ്പിച്ച് പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശിച്ചു.

- ജലഅതോറിറ്റിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നിർദ്ദേശിച്ചു.

ബഹു: മുഖ്യമന്ത്രിയുടെ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി അട്ടപ്പാടി-കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ജലശുദ്ധീകരണ മൈക്രോ പ്ലാന്റിനും അനുബന്ധ ഘടകങ്ങൾക്കുമായി 28 ലക്ഷം രൂപയുടെ അനുമതി ലഭിച്ചു. പ്രസ്തുത പദ്ധതി ഭാഗികമായി പൂർത്തീകരിച്ച് ആശുപത്രിയിൽ ശുദ്ധീകരിച്ച ജലമാണ് നല്കി വരുന്നത്.

| | | | |
|---|---|---|---|
| (സി) | പാലക്കാട് ജില്ലയിലെ കുളങ്ങൾ വൃത്തിയാക്കി നവീകരിക്കുന്നതിനായി തീരുമാനം എടുത്തിരുന്നോ; ഉണ്ടെങ്കിൽ എത്ര കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകി; വിശദമാക്കുമോ; | (സി) (ഡി) (ഇ & (എ ഫ്) | പാലക്കാട് ജില്ലയിൽ 200 കുളങ്ങൾ വൃത്തിയാക്കുന്നതിന് തീരുമാനമെടുത്തിരുന്നെങ്കിലും ഈ പദ്ധതിയുടെ ഭരണാനുമതി നൽകിയിട്ടില്ല. |
| (ഡി) | ഭരണാനുമതി നൽകിയ എത്ര കുളങ്ങൾക്ക് ടെക്നിക്കൽ സാംഗ്ഷൻ നൽകിയിട്ടുണ്ട്; | | |
| (ഇ) | പ്രസ്തുത സ്കീമിനായി എന്തു തുക അനുവദിച്ചു; | | |
| (എഫ്) | അതിൽ എത്ര ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ